**സബ്മിഷൻ**

കോൺക്രീറ്റ് മതിൽ മറിഞ്ഞ് വീണുണ്ടായ മരണം

ശ്രീ. സി. ദിവാകരൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കരകുളം പഞ്ചായത്തിൽ കായ്പ്പാടി ചെക്കകോണത്ത് ഒരു അമ്മയും രണ്ട് പിഞ്ചു കുഞ്ഞുങ്ങളും അതിദാരുണമാംവിധം മരണമടഞ്ഞ സംഭവം നമ്മുടെ നാടിനെത്തന്നെ നടുക്കുകയുണ്ടായി. അയൽവീട്ടുകാർ അശാസ്ത്രീയമായി കെട്ടിപ്പൊക്കിയ വൻ കോൺക്രീറ്റ് മതിൽ ഉസൈമാ ബീവിയുടെ വീടിന് മുകളിൽ പാടെ മറിഞ്ഞുവീണു. പൂർണ്ണമായും തകർന്ന വീടിന്റെ അവശിഷ്ടങ്ങൾക്കിടയിൽനിന്ന് പോലീസും ഫയർ ഫോഴ്സ് ഉദ്യോഗസ്ഥന്മാരും ചേർന്ന് കഠിനമായി പരിശ്രമിച്ചതിന്റെ ഫലമായാണ് മൃതശരീരങ്ങൾ പുറത്തെടുക്കാൻ കഴിഞ്ഞത്. അമ്മയും പറക്കമുറ്റാത്ത രണ്ട് കുഞ്ഞുങ്ങളും അവിടെവച്ചുതന്നെ മരണമടഞ്ഞു. നാല് വയസ്സുള്ള ഒരു കുട്ടിമാത്രമാണ് രക്ഷപ്പെട്ടത്. വീട്ടുകാരനായ ശ്രീ. ഷിഹാബുദ്ദീന് സർക്കാർ ജോലി നൽകുന്നതിനും നാല് വയസ്സുകാരൻ ഷിഫാന്റെ സംരക്ഷണം സർക്കാർ ഏറ്റെടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. ജീവിച്ചിരിക്കുന്ന മുഹമ്മദ് ഷിഫാൻ നാല് വയസ്സുള്ള ഒരു കുട്ടിയാണ്. അതിന്

ആശ്രയമായി അച്ഛൻ മാത്രമേയുള്ളൂ. ഷിഹാബുദ്ദീന്റെ ഭാര്യ സജ്ന (27 വയസ്), ഷിഫാന (3 ½ വയസ്), ഷിഹാൻ (ആറ് മാസം) എന്നിവരാണ് മരിച്ചത്. ഈ കാര്യങ്ങളിൽ ഗവൺമെന്റിന്റെ സത്വരമായ നടപടി സ്വീകരിക്കണം. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് ഒരു കത്ത് നൽകിയിട്ടുണ്ട്. അത് പരിഗണിക്കണം. ഇത് വളരെ ദാരുണമായ ഒരു കൂട്ടമരണമാണ്. ......(ബഹളം).....

മി. സ്പീക്കർ: ചെയർ ഒരു കാര്യം ഓർമ്മപ്പെടുത്തുന്നു. ഈ സഭയിൽ അസാധാരണമായ പ്രതിഷേധങ്ങൾ ഉണ്ടാകാറുണ്ടെങ്കിലും പ്രതിഷേധം ആരംഭിക്കുന്നതിനുമുമ്പ് ഇങ്ങനെ ഒരു കറുത്ത തുണികൊണ്ട് ചെയറിനെ മറയ്ക്കുന്ന രീതി ശരിയല്ല. അത് അംഗീകരിക്കാൻ കഴിയില്ല. പ്രതിഷേധം ആരംഭിക്കുന്നതിനുമുമ്പുതന്നെ ചെയറും സാമാജികരും തമ്മിലുള്ള കാഴ്ച മറച്ചുവയ്ക്കുന്ന രീതി അംഗീകരിക്കാൻ കഴിയില്ല. അതിനെതിരെ ശക്തമായ നടപടി ചെയറിന് സ്വീകരിക്കേണ്ടിവരും. പാർലമെന്റിലോ ഇന്ത്യയിൽ ഏതെങ്കിലും ഒരു നിയമസഭയിലോ ഇങ്ങനെ കണ്ടിട്ടുണ്ടോ? ഈ കാര്യങ്ങൾ ലോകം മുഴുവനും കാണുകയാണ്. ഇവിടെ കുത്തിയിരുന്ന് പ്രതിഷേധം നടത്തിയിട്ടുണ്ട്. പക്ഷേ ഇത് അംഗീകരിക്കാൻ കഴിയില്ല. ....(ബഹളം).... സഭ നിർത്തിവയ്ക്കുവാൻ ഒരു സമയമുണ്ട്. സഭ നിർത്തിവയ്ക്കുകയും ചർച്ചയ്ക്ക് വിളിക്കുകയും ചെയ്യാറുണ്ട്. നിങ്ങൾക്ക് ചെയറിനെ

സമ്മർദ്ദത്തിലാക്കി അത് ചെയ്യിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഇത് ശരിയല്ല. പ്രതിപക്ഷ നേതാവ് പറയുന്നത് നിങ്ങൾ അനുസരിക്കുന്നുണ്ടോ? എന്ത് അരാജകത്വമാണ് നിങ്ങൾ കാണിക്കുന്നത്? ഈ സഭയിൽ ഒരു മിനിമം മര്യാദ പാലിക്കേണ്ടതുണ്ട്. അത് നിങ്ങൾ പാലിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2017 ഏപ്രിൽ 13-ന് ഉണ്ടായ കനത്ത മഴയെത്തുടർന്ന് കരകുളം വില്ലേജിൽ ചെക്കകോണം ആലുംമൂട് എന്ന സ്ഥലത്തിനടുത്ത് റോഡ് നിരപ്പിൽനിന്നും താഴ്ന്ന് സ്ഥിതി ചെയ്യുന്ന ശ്രീ. നവാസിന്റെ ഉടമസ്ഥതയിലുള്ള ഷീറ്റ് മേഞ്ഞ വീടും സംരക്ഷണഭിത്തിയും ഇടിഞ്ഞ് വീണതിനെത്തുടർന്ന് ശ്രീ. അൻസറിന്റെ ഉടമസ്ഥതയിലുള്ള വീട് പൂർണ്ണമായും തകർന്ന് അവിടെ വാടകയ്ക്ക് താമസിച്ചിരുന്ന ശ്രീമതി സജ്ന (27), കുട്ടികളായ ഷിഫാന (3½ വയസ് ), ഷിഹാൻ (6 മാസം) എന്നിവർ മരണപ്പെടുകയും മറ്റൊരു മകനായ ഷിഫാന് പരിക്കേറ്റ് എസ്.എ.റ്റി. ആശുപത്രിയിൽ ചികിൽസയിലാവുകയും ചെയ്തു. അൻസറിന്റെ വീടിന്റെ പരിസരത്ത് വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് കൂന കൂട്ടിയിരുന്ന മണ്ണ് മഴയെത്തുടർന്ന് നനഞ്ഞുണ്ടായ സമ്മർദ്ദം മൂലമാണ് സംരക്ഷണഭിത്തി തകരാൻ ഇടയായതെന്നാണ് പ്രാഥമിക നിഗമനം. ഈ സംഭവത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിൽനിന്ന് അടിയന്തര ധനസഹായമായി പതിനായിരം രൂപ ജില്ലാ കളക്ടർ അനുവദിച്ച് നൽകിയിട്ടുണ്ട്. ഭാര്യയും രണ്ട് മക്കളും നഷ്ടപ്പെട്ട ഷിഹാബുദ്ദീന്റെ നിർദ്ധന കുടുംബത്തിന് കൂടുതൽ ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. .......(ബഹളം).........

<u>മി. സ്പീക്കർ</u>: സഭാനടപടികൾ താൽക്കാലികമായി അൽപ്പസമയത്തേയ്ക്ക് നിർത്തിവച്ചിരിക്കുന്നു.

(സഭാനടപടികൾ രാവിലെ 10.52-ന് താൽക്കാലികമായി നിർത്തിവച്ചു.)

(രാവിലെ 10.52-ന് നിർത്തിവച്ച സഭ 11.36-ന് പുനരാരംഭിച്ചു.)

(യു.ഡി.എഫ്. അംഗങ്ങൾ ബഹു. സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ തുടർന്നുള്ള സബ്മിഷനുകൾ റദ്ദ് ചെയ്തതായി ബഹുമാനപ്പെട്ട സ്പീക്കർ പ്രഖ്യാപിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... തുടർന്നുള്ള സബ്മിഷനുകളുടെ മറുപടി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാകുന്നതാണ്. സബ്മിഷനുകൾ റദ്ദാക്കിയിരിക്കുന്നു.